"ഭരണഭാഷ-മാതൃഭാഷ"

## പഞ്ചായത്ത് ജോയിന്റ് ഡയറക്ടറുടെ (ഭരണം) നടപടിക്രമങ്ങൾ

വിഷയം: പഞ്ചായത്ത് വകുപ്പ് - ജീവനക്കാര്യം - കെ.എസ്.&എസ്.എസ്.ആർ ഭാഗം II ചട്ടം 13(എ)(1)(എ) പ്രകാരം ടെസ്റ്റ് ഇളവ് നൽകി സീനിയർ ക്ലാർക്കായി സ്ഥാനക്കയറ്റം-നിശ്ചിത സമയപരിധിക്കുള്ളിൽ വകുപ്പുതല പരീക്ഷ യോഗ്യത നേടാത്തവരെ ക്ലാർക്ക് തസ്തികയിലേക്ക് തരംതാഴ്ത്തി ഉത്തരവ് പുറപ്പെടുവിക്കുന്നു.

പരാമർശം: 1. പത്തനംതിട്ട പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടറുടെ 16/09/2015-ലെ ഇ3-695/2013 കത്ത്
2. മലപ്പുറം പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടറുടെ 5/10/2015-ലെ ഡി3-912/2013 കത്ത്.
3. പാലക്കാട് പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടറുടെ 20/11/2015-ലെ ഇ4-12/15 കത്ത്.

### ഉത്തരവ് നമ്പർ: ഇ4-39707/2014 തീയതി: 04/01/2016

പരാമർശം പ്രകാരം കെ.എസ്.&എസ്.എസ്.ആർ ഭാഗം II ചട്ടം 13(എ)(1)(എ) പ്രകാരം ക്ലാർക്ക് തസ്തികയിൽ നിന്നും സീനിയർ ക്ലാർക്ക് തസ്തികയിലേക്ക് സ്ഥാനകയറ്റം ലഭിച്ച അയിരൂർ ഗ്രാമപഞ്ചായത്ത് സീനിയർ ക്ലാർക്ക് ശ്രീ.അജീഷ്കുമാർ, പി.കെ. വെട്ടത്തൂർ ഗ്രാമപഞ്ചായത്ത് സീനിയർ ക്ലാർക്ക് കുമാരി ധന്യ.കെ.എസ്, തിരുമിറ്റക്കോട് ഗ്രാമപഞ്ചായത്ത് സീനിയർ ക്ലാർക്ക് ശ്രീമതി.അബിളി.സി.എം. എന്നിവർ കെ.എസ്.&എസ്. എസ്.ആർ ഭാഗം II ചട്ടം 13(എ)(2) നിഷ്കർഷിക്കും പ്രകാരം നിയമന തീയതി മുതൽ മൂന്ന് വർഷത്തിനുള്ളിൽ യോഗ്യത ടെസ്റ്റ് വിജയിച്ചിട്ടില്ല എന്ന് പരാമർശം പ്രകാരം റിപ്പോർട്ട് ചെയ്തിരുന്നു.

മേൽ പറഞ്ഞവരെ റിവർട്ട് ചെയ്യാതിരിക്കുവാൻ എന്തെങ്കിലും കാരണം ബോധിപ്പിക്കുവാനുണ്ടെങ്കിൽ ആയത് ബോധിപ്പിക്കുന്നതിന് 22/12/2015 പകൽ 11 മണിക്ക് നേരിൽ ഹാജരാകാൻ നിർദ്ദേശിച്ചതിന്റെ അടിസ്ഥാനത്തിൽ കുമാരി. ധന്യ.കെ.എസ്. ശ്രീമതി. അബിളി. സി.എം എന്നിവർ നേരിൽ ഹാജരായി. നേരിൽ കേട്ട വേളയിൽ ടിയാളുകൾക്ക് വകുപ്പ്തല പരീക്ഷ വിജയികുന്നതിന് സമയം അനുവദിക്കണമെന്ന് അപേക്ഷിക്കുകയുണ്ടായി.

കെ.എസ്.&എസ്.എസ്.ആർ ഭാഗം II ചട്ടം 13(എ)(1)(എ) പ്രകാരം സീനിയർ ക്ലാർക്ക് തസ്തികയിൽ സേവനത്തിൽ പ്രവേശിച്ച കോളം-1-ൽ പറയുന്നവർ നാളിതുവരെ വകുപ്പ്തല പരീക്ഷകൾ വിജയിക്കാത്ത സാഹചര്യത്തിൽ കോളം-2 ൽ പറയുന്ന തീയതി പ്രാബല്യത്തിൽ ടിയാളുകൾ ക്ലാർക്ക് തസ്തികയിൽ സേവനത്തിൽ പ്രവേശിച്ച കോളം-3-ൽ പറയുന്ന ജില്ലകളിലേക്ക് ക്ലാർക്ക് തസ്തികയിലേക്ക് തരം താഴ്ത്തി അലോട്ട് ചെയ്ത് ഉത്തരവാകുന്നു.

| കോളം-1 | കോളം-2 | കോളം-3 |
|---|---|---|
| അജീഷ്കുമാർ പി.കെ<br>സീനിയർ ക്ലാർക്ക്,<br>അയിരൂർ ഗ്രാമപഞ്ചായത്ത് | 09/07/2015 | പത്തനംതിട്ട |
| ധന്യ.കെ.എസ്,<br>സീനിയർ ക്ലാർക്ക്,<br>വെട്ടത്തൂർ ഗ്രാമപഞ്ചായത്ത് | 01/07/2015 | തിരുവനന്തപുരം |
| അബിളി സി.എം,<br>സീനിയർ ക്ലാർക്ക്,<br>തിരുമിറ്റക്കോട് ഗ്രാമപഞ്ചായത്ത് | 09/10/2015 | ആലപ്പുഴ |

ആലപ്പുഴ ജില്ലയിൽ നിലവിൽ ക്ലാർക്ക് തസ്തികയിൽ ഒഴിവില്ലാത്ത സാഹചര്യത്തിൽ ക്രമനമ്പർ (3) അമ്പിളി.സി.എം നെ താൽക്കാലികമായി പാലക്കാട് ജില്ലയിൽ ക്ലാർക്ക് തസ്തികയിൽ പാലക്കാട് പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ നിയമനം നൽകൊണ്ടതും, ആലപ്പുഴ ജില്ലയിൽ ക്ലാർക്ക് തസ്തികയിൽ ഒഴിവ് വരുന്ന മുറയ്ക്ക് ആലപ്പുഴ പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ ടിയാൾക്ക് ആലപ്പുഴ ജില്ലയിൽ ക്ലാർക്ക് തസ്തികയിൽ നിയമനം നൽകൊണ്ടതും വിവരം ഈ ഓഫീസിൽ റിപ്പോർട്ട് ചെയ്യേണ്ടതുമാണ്.

ബന്ധപ്പെട്ട പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർമാർ അടിയന്തിരമായി മേൽപറഞ്ഞവർക്ക് ക്ലാർക്ക് തസ്തികയിൽ നിയമനം ഉത്തരവ് നൽകേണ്ടതും ടി ഉത്തരവിന് വിധേയമായി ടി ആളുകൾക്ക് വിടുതൽ അനുവദിക്കേണ്ടതുമാണ്.

കോളം-2-ൽ പറയുന്ന തീയതി പ്രാബല്യത്തിൽ ടിയാളുകളുടെ ശമ്പളം പുനർ നിർണ്ണയിച്ച് ബന്ധപ്പെട്ട ഓഫീസ് മേലധികാരി ഉത്തരവ് പുറപ്പെടുവിക്കേണ്ടതുന്നതാണ്.

(ഒപ്പ്)
കെ.ആർ.പ്രഭ
*പഞ്ചായത്ത് ജോയിന്റ് ഡയറക്ടറുടെ(ഭരണം) പൂർണ്ണ അധിക ചുമതല വഹിക്കുന്ന അഡ്മിനിസ്ട്രേറ്റീവ് അസിസ്റ്റന്റ് പഞ്ചായത്ത് ഡയറക്ടർക്കുവേണ്ടി*

*വ്യക്തിക്ക് (ബന്ധപ്പെട്ട പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർമാർ മുഖേന)*
*ബന്ധപ്പെട്ട ഗ്രാമപഞ്ചായത്ത് സെക്രട്ടറിമാർക്ക്*
*ബന്ധപ്പെട്ട പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർമാർക്ക്*
*കരുതൽ/അധികം*

*//ആജ്ഞാനുസരണം//*

*സൂപ്രണ്ട്*

എ.എസ്.